(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി, ഇ) പരിഗണിക്കാവുന്നതാണ്.

ആദിവാസികൾക്കുള്ള ഭൂമി വിതരണം

168 [944] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എത്ര ആദിവാസി കുടുംബങ്ങൾക്കായി എത്ര ഭൂമി വിതരണം ചെയ്തു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആവശ്യത്തിനുവേണ്ടി എത്രത്തോളം ഭൂമി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു എന്ന് അറിയിക്കുമോ ;

(സി) കേന്ദ്ര സർക്കാർ ആദിവാസികളുടെ പുനരധിവാസത്തിനുവേണ്ടി സംസ്ഥാന സർക്കാരിന് വിട്ടുനൽകിയ ഭൂമി എത്ര എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിൽ നിന്നും ആദിവാസികൾക്ക് വിതരണം ചെയ്ത ഭൂമി എത്ര എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3208 കുടുംബങ്ങൾക്കായി 5173.92 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഇതിലേക്കായി 7693.2257 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ട്.

(സി, ഡി) ചില നിബന്ധനകൾക്ക് വിധേയമായി 7693.2257 ഹെക്ടർ വനഭൂമി തരുന്നതിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ ഒഴിവാക്കി കിട്ടുന്ന മുറയ്ക്ക് മാത്രമേ ഭൂമി വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. അതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

പരിവർത്തിത ക്രൈസ്തവ ശുപാർശിത വികസന കോർപ്പറേഷൻ എം. ഡി.യുടെ നിയമനം

169 [945] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിവർത്തിത ക്രൈസ്തവ ശുപാർശിത വികസന കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ നിന്നും എന്നുമുതലാണ് ശ്രീ. എ. വി. ദിവാകരനെ നീക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിനുശേഷം ആരെയാണ് മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുള്ളതെന്നും നിയമനം നടന്നിട്ടില്ലെങ്കിൽ ആർക്കാണ് എം. ഡി.യുടെ ചുമതല നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) കോർപ്പറേഷനിൽ നിന്നും നൽകുന്ന വിവിധയിനം വായ്പകൾക്ക് അപേക്ഷ നൽകേണ്ട അവസാന തീയതി എന്നായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) മകളുടെ വിവാഹത്തിനായി കാത്തിരിക്കുന്ന നിരവധി ആളുകൾക്ക് എം. ഡി. ഇല്ലാത്തതുകാരണത്താൽ വായ്പ അനുവദിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത്തരം അപേക്ഷകളിൻമേൽ അടിയന്തിര തീരുമാനം എടുക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഡെപ്യൂട്ടേഷൻ കാലാവധി അവസാനിച്ച 20-7-2004 മുതൽ.

(ബി) 20-7-2004 മുതൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശ്രീ. അശോക്കുമാർ സിംഗിന് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല നൽകിയിരുന്നു. 6-12-2004 മുതൽ ശ്രീ. എം. അബ്ദുൾ സലിമിനെ മുഴുവൻ സമയ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്.

(സി) 2004 ജൂലൈ 31.

(ഡി) ഓരോ വർഷവും കോർപ്പറേഷനിൽ നിന്നും 25 പേർക്ക് മാത്രമേ വിവാഹവായ്പ അനുവദിക്കുന്നുള്ളൂ. അതുപ്രകാരം 2004-2005-ൽ 25 പേർക്ക് തുക അനുവദിച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

അക്കാദമികളും സ്മാരകങ്ങളും

170 [946] ശ്രീ. തോമസ് ഉണ്ണിയാടൻ :
" സ്റ്റീഫൻ ജോർജ് :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക കാര്യ വകുപ്പിന് കീഴിൽ എത്ര അക്കാദമികളും സ്മാരകങ്ങളും മറ്റു സ്ഥാപനങ്ങളും നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പേരു വിവരവും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly